# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3767 20.10.2016- ൽ മറുപടിക്ക്

## വില്ലേജ് ആഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന വില്ലേജ് ആഫീസുകളിൽ നിന്നും എത്രയിനം സർട്ടിഫിക്കറ്റുകളാണ് ലഭ്യമാക്കുന്നത്;

(എ) വില്ലേജാഫീസിൽ നിന്നുൾപ്പെടെ റവന്യൂ വകുപ്പിൽ നിന്ന് 24 ഇനം സർട്ടിഫിക്കറ്റുകളാണ് നൽകി വരുന്നത്. ഇവ കൂടാതെ വിവിധ സ്കീമുകൾ, പ്രോഗ്രാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് മറ്റു പല വകുപ്പുകളും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വില്ലേജാഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവിറക്കുന്നുണ്ട്.

(ബി) ഈ സർട്ടിഫിക്കറ്റുകൾ നല്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം സേവനാവകാശ നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ ടി സർട്ടിഫിക്കറ്റുകൾ നൽകുവാൻ നിയുക്ത ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. e-district പദ്ധതിയിലൂടെ ഓൺലൈനായി സർട്ടിഫിക്കറ്റുകൾ പരമാവധി വേഗത്തിൽ നൽകി വരുന്നുണ്ട്.

(സി) പഠനകാലയളവിൽ വിദ്യാർത്ഥികൾക്ക് ജാതിസർട്ടിഫിക്കറ്റ് അടിക്കടി പുതുക്കി നൽകേണ്ടി വരുന്നത് ബുദ്ധിമുട്ടുളവാക്കുന്നതായി

(സി) നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് കോഴ്സിന്റെ കാലാവധി ആണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജാതി

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്? | സർട്ടിഫിക്കറ്റ് നൽകുന്നതിന് 10 വർഷം കാലാവധി നിശ്ചയിച്ചിരുന്നു വെങ്കിലും ആയത് പരാതികളുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്തു. പ്രത്യേക ആവശ്യത്തിന് അനുവദിച്ചാൽ മതിയാകും എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**